Reg. No.: ..............................

Name : ..............................

GOVT. BRENNEN COLLEGE
CENTRAL LIBRARY
THALASSERY

**K17P 1271**

**Third Semester M.A. Degree (Reg./Suppl./Imp.)**
**Examination, November 2017**
**MALAYALAM LANGUAGE AND LITERATURE**
**(2014 Admn. Onwards)**
**MAL 3E 03 (Elective – MAL E05) : Literature and Philosophy**

Time : 3 Hours                                                                 Max. Marks : 80

I. **ഒന്നു** മുതൽ **അഞ്ച്** വരെ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. (**രണ്ട്** പുറത്തിൽ കവിയരുത്).

1) അനന്തമജ്ഞാതമവർണ്ണനീയ –
മീലോകഗോളം തിരിയുന്ന മാർഗ്ഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു.
നോക്കുന്ന മർത്ത്യൻ കഥയെന്തുകണ്ടു – ഈ വരികളിലെ ആശയം വിശദീകരിക്കുക.

2) വെള്ളമോ, സത്യം തന്നെ, യലയും സത്യംതന്നെ
വെള്ളം താനലയെന്ന തത്ത്വവും സത്യംതന്നെ – ഇവിടെ സൂചിതമെന്ത് ?

3) ജനസഞ്ചയം (Multitude) എന്ന പരികല്പന വിശകലനം ചെയ്യുക.

4) ''നാളെ........ നാളെ.....' അയാൾ മന്ത്രിക്കുകയാണ്. അതുവരെ അയാളുടെ ജീവിതത്തിൽ 'നാളെ' ഉണ്ടായിരുന്നില്ല. അന്നാദ്യമായി അയാൾക്കൊരു 'നാളെ' ഉണ്ടായി – സന്ദർഭം വിവരിക്കുക.

5) 'നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്' – ഈ വരിയുടെ വിവക്ഷ എന്താണ് ? **(5×4=20)**

II. **ആറു** മുതൽ **പത്ത്** വരെ ചോദ്യങ്ങൾക്ക് **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) a) മനോഹരസംഭവം – മരിക്കുന്നതിനു മുമ്പ് മിണ്ടാൻ കഴിയാത്ത മാവിന് ആ വൃദ്ധൻ വെള്ളം ഒഴിച്ചു. ഞാനിത് ഓർമ്മിക്കാം – ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നതെന്ത് ?

**അല്ലെങ്കിൽ**

b) നിസ്സാരമായ ഒരു കാറ്റൂതിയാൽ
കരിയിലകൾ ആർത്തുണരും
ആരും ശ്രദ്ധിക്കില്ല, പെട്ടെന്ന് സംഘടിക്കും
ഭയങ്കരമായ ചുഴലിയുണ്ടാക്കും –
എല്ലാം അട്ടിമറിക്കും – ഈ വരികൾ സൂചിപ്പിക്കുന്നതെന്ത് ?

7) a) കുട്ടികൾ എത്ര എളുപ്പം മുതിരുന്നുവെന്ന് ശകുന്തള ആലോചിച്ചു. ഓരോ സാഹചര്യവും അവർ സൂക്ഷ്മമായി പഠിക്കുന്നു. സസ്യങ്ങളെപ്പോലെ പെട്ടെന്ന് പരിസരങ്ങളോട് താദാത്മ്യം പ്രാപിക്കുന്നു. അവരുടെയത്രയും കരുത്തെങ്കിലും തനിക്കുണ്ടാവ ണമെന്നാണ് അവളിപ്പോൾ പ്രാർത്ഥിക്കുന്നത് – സന്ദർഭം ഏത് ?

**അല്ലെങ്കിൽ**

b) പിതാവിന്റെ മരണത്തെ നിസ്സംഗതയോടെയും നിന്ദയോടെയും നോക്കിക്കാണുന്ന ആധുനിക നായകന്റെ മൂർത്തീകരണമാണ് സാക്ഷിയിലെ നാരായണൻകുട്ടി. വിശകലനം ചെയ്യുക.

8) a) ഇലകളിലിപ്പോഴും മഞ്ഞുവീഴുന്നുണ്ടോ എന്നു ചോദിക്കുന്ന അതേ ലാഘവത്തോടെ 'നീ ഇപ്പോഴും
ഈ നാടിനെ സ്നേഹിക്കുന്നുവോ'
എന്നു ഞാൻ തിരിച്ചു ചോദിച്ചു.
'.........പക്ഷേ ഈ ഇന്ത്യയെയല്ല,
ഈ എല്ലിൻ താഴ്വര'യെയല്ല – ഈ വരികൾ സമകാലിക ഇന്ത്യൻ പരിസരവുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

b) ഈ ദീപശിഖകളിൽനിന്നും ഈ മണിനാദത്തിൽ നിന്നും രമേശനു മോചനമില്ല – ഒരിക്കലും – ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു എന്ന നോവലിലെ രമേശൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

9) a) സ്നേഹം തന്നെയാണ് ധർമം. ആ ധർമാനുഷ്ഠാനമാണ് മനുഷ്യന്റെ നിലനില്പിന്റെ അടിസ്ഥാനം. സഹോദരൻ അയ്യപ്പൻ ഈ ആശയം വിശദീകരിക്കുന്നതെങ്ങനെ ?

**അല്ലെങ്കിൽ**

b) സംസാരമാകുന്ന സാഗരത്തിൽപ്പെട്ടുഴലുന്നവർക്ക് ആത്മത്തെയും ഈശ്വരത്വത്തെയും തിരിച്ചറിയാൻ പ്രയോജനപ്പെടുന്നതാണ് ശ്രീനാരായണഗുരുവിന്റെ ദൈവദശകം – ഈ അഭിപ്രായം പരിശോധിക്കുക.

10) a) പൂർവനിർണീതങ്ങളായ നായികാനായക ഗുണങ്ങൾക്കു പാകത്തിൽ കാവ്യാർത്ഥം മെനയുകയല്ല ഉത്തമകവികർമ്മം, മറിച്ചു മുഖ്യമായ കാവ്യാർത്ഥത്തിനൊപ്പിച്ചു പാത്രസ്വഭാവം കല്പിക്കുകയാണ്. മാരാരുടെ ലീലാനിരൂപണത്തെ അടിസ്ഥാനപ്പെടുത്തി ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

b) സ്ത്രീത്വം മുറ്റിയ ഉടൽ ഭോഗത്തിനു വേണ്ടിയല്ല, പവിത്രമായ ആരാധനയ്ക്ക് വേണ്ടി സൃഷ്ടിക്കപ്പെട്ടതാണെന്ന വെളിവ് കാർത്തി എന്ന കഥാപാത്രത്തെ മുൻനിർത്തി പരിശോധിക്കുക. (5×6=30)



III. **പതിനൊന്നു** മുതൽ **പതിമൂന്നു**വരെ ചോദ്യങ്ങൾക്ക് **ആറു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) a) പുരോഗമനാശയങ്ങൾ ഉൾക്കൊള്ളുന്ന കൃതി എന്ന നിലയിൽ കേശവദേവിന്റെ ഓടയിൽ നിന്ന് എന്ന നോവലിനെ വിലയിരുത്തുക.

**അല്ലെങ്കിൽ**

b) ഉപദേശിച്ച് മടുത്ത പുരോഹിതനിൽ നിന്ന് സക്രിയമായി സമൂഹത്തിൽ ഇടപെടുന്ന പച്ചമനുഷ്യനിലേക്കുള്ള ദൂരമാണ് എൻ. എസ്. മാധവന്റെ ഹിഗ്വിറ്റ അടയാളപ്പെടുത്തുന്നത്. ശരിയോ ?

12) a) കർഷകനെ നിസ്സഹായതയിലേക്കും ദുരവസ്ഥയിലേക്കും തള്ളിവിടുന്ന സാമൂഹ്യവ്യവസ്ഥിതിയെയും ചൂഷണ സംവിധാനങ്ങളെയും കുറിച്ചുള്ള ബോധ്യമാണ് ശബ്ദിക്കുന്ന കലപ്പ എന്ന കഥയുടെ ജീവൻ. ഈ അഭിപ്രായം വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

b) ഭാരതീയ തത്വദർശനമെന്ന നിലയിൽ ഈശ്വരപ്രേമസങ്കല്പത്തെ ലളിതമായി അവതരിപ്പിക്കുന്ന കൃതിയാണ് ഉള്ളൂരിന്റെ പ്രേമഗീതം. വിലയിരുത്തുക.

13) a) അധഃസ്ഥിതവർഗ്ഗം കെട്ടുപൊട്ടിക്കുന്ന സമയം ആസന്നമെന്നറിയുമ്പോൾ ഉണ്ടാകുന്ന ഉപരിവർഗ്ഗ സംഭ്രാന്തിയാണ് 'ബംഗാൾ'. സമർത്ഥിക്കുക.

**അല്ലെങ്കിൽ**

b) ദേശത്തിന്റെയും സമൂഹത്തിന്റെയും കഥ മനുഷ്യജീവിതത്തിന്റെ ഭാഗധേയങ്ങളുമായി കൂട്ടിയിണക്കി നിർമ്മിച്ച ഇതിഹാസമാണ് ഉറൂബിന്റെ സുന്ദരികളും സുന്ദരന്മാരും. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുവോ ? (3×10=30)

———————